ളുടെ വികസനം സമഗ്രമായി ചർച്ചചെയ്താണ് നടപ്പിലാക്കുന്നത്. ഈ സാഹചര്യത്തിൽ മലയോര പ്രദേശങ്ങളെ വേർതിരിച്ച് വികസന പ്രക്രിയ തുടങ്ങിയാൽ ഇപ്പോൾ നടപ്പിലാക്കുന്ന പദ്ധതികളുടെമേൽ മറ്റൊരു പദ്ധതി എന്ന നിലയിൽ ഇതൊരു ആവർത്തനമായിരിക്കും. ഇക്കാരണങ്ങളാൽത്തന്നെ ഒരു മലയോര വികസന അതോറിറ്റി രൂപീകരിക്കേണ്ട ആവശ്യമില്ല.

(3) മോസ്റ്റ് ബാക്ക്വേർഡ് കമ്മ്യൂണിറ്റീസ് ഫെഡറേഷന്റെ ആഭിമുഖ്യത്തിൽ സെക്രട്ടേറിയറ്റ് ഉപവാസം

ശ്രീ. പി.പി. സുലൈമാൻ റാവുത്തർ : സർ, കേരളത്തിലെ പിന്നോക്ക സമുദായങ്ങളിൽ ഏറ്റവും പിന്നോക്കം നിൽക്കുന്ന ജനവിഭാഗങ്ങളുടെ പ്രശ്നമാണ് എനിക്ക് ഈ സബ്മിഷനിലൂടെ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ശ്രദ്ധയിൽകൊണ്ടുവരാനുള്ളത്. വണികർ, വൈശ്യർ, വിളക്കിത്തലനായർ, പണ്ഡിതർ, വെളുത്തേടത്ത് നായർ, ഗണകച്ചെട്ടി, റെഡ്യാർ, തെലുങ്ക് ചെട്ടി തുടങ്ങിയവർ സമൂഹത്തിൽ ഏറ്റവും പിന്നോക്കംനിൽക്കുന്ന ജനവിഭാഗങ്ങളാണ്. ഇവർ സ്വന്തം കുലത്തൊഴിൽ ചെയ്ത് ഉപജീവനം നടത്തിവരുന്നവരാണ്. ഭരണഘടനയുടെ 15(4), 16(4) വകുപ്പുകളനുസരിച്ച് സാമൂഹ്യമായും വിദ്യാഭ്യാസപരമായും പിന്നോക്കം നിൽക്കുന്നവർക്കാണ് രാഷ്ട്രീയാധികാരത്തിന്റെ ഭാഗമായി സർക്കാർ സ്ഥാപനങ്ങളിലും പൊതുമേഖലാ സ്ഥാപനങ്ങളിലും നിയമനങ്ങളിൽ പ്രത്യേകം സംവരണം നൽകണമെന്ന നിർദ്ദേശമുണ്ടായിട്ടുള്ളത്. പിന്നോക്ക ജനവിഭാഗങ്ങൾക്കിടയിലുള്ള പിന്നോക്കാവസ്ഥയുടെ ഏറ്റക്കുറച്ചിലുകൾ നിർണ്ണയിക്കുന്നതിന് സർവ്വേ നടത്തുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. പിന്നോക്കക്കാരിൽ ഏറ്റവും പിന്നോക്കം നിൽക്കുന്നവർക്ക് പ്രത്യേക പരിഗണന നൽകേണ്ടതുണ്ട്. ഏറ്റവും പിന്നോക്കം നിൽക്കുന്ന 63 സമുദായങ്ങൾക്ക് ഇവിടെ ലഭിക്കുന്നത് കേവലം മൂന്ന് ശതമാനം സംവരണം മാത്രമാണ്. ഇതിനുമുമ്പ് ഇവർക്ക് ആറ് ശതമാനം സംവരണം ലഭിച്ചിരുന്നതാണ്. ക്രീമിലെയറിന്റെ മാനദണ്ഡം നിർണ്ണയിക്കുന്നതിന് ഇപ്പോൾ അതുസംബന്ധിച്ച് തെളിവെടുപ്പ് നടന്നുകൊണ്ടിരിക്കുകയാണ്. ഏറ്റവും പിന്നോക്കംനിൽക്കുന്ന ജനവിഭാഗങ്ങളെ ക്രീമിലെയർ സംവിധാനത്തിൽനിന്നും പൂർണ്ണമായും ഒഴിവാക്കപ്പെടുകയാണ്. ഈ ജനവിഭാഗങ്ങളെ Other Eligible Community-യിൽ ഉൾപ്പെടുത്തി കൂടുതൽ വിദ്യാഭ്യാസാനുകൂല്യങ്ങൾ ഉറപ്പുവരുത്തുന്നകാര്യം കൂടി ആലോചിക്കണം. ഈ ആവശ്യങ്ങൾ ഉന്നയിച്ചുകൊണ്ട് മോസ്റ്റ് ബാക്ക് വേർഡ് കമ്മ്യൂണിറ്റീസ് ഫെഡറേഷന്റെ നേതൃത്വത്തിൽ ഇന്ന് സെക്രട്ടേറിയറ്റ് പടിക്കൽ കൂട്ടഉപവാസം നടക്കുകയാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഈ ആവശ്യങ്ങൾ അനുഭാവപൂർവ്വം പരിഗണിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്.

മുഖ്യമന്ത്രി (ശ്രീ. ഇ.കെ. നായനാർ) : സ്പീക്കർ സർ, വിദ്യാഭ്യാസസ്ഥാപനങ്ങളിൽ സീറ്റ് റിസർവേഷൻ, തൊഴിൽ റിസർവേഷൻ എന്നിവയ്ക്കുവേണ്ടി പിന്നോക്ക സമുദായങ്ങളെ പിന്നോക്കം, ഏറ്റവും പിന്നോക്കം എന്ന് രണ്ടായി തിരിച്ച് ഏറ്റവും പിന്നോക്കക്കാർക്ക് പ്രത്യേക സംവരണ കാറ്റഗറി അനുവദിക്കുക, ക്രീമിലെയർ പരിധിയിൽനിന്ന് ഒഴിവാക്കുക തുടങ്ങിയ വിവിധ ആവശ്യങ്ങൾ ഉന്നയിച്ചുകൊണ്ടുള്ള ഒരു നിവേദനം മോസ്റ്റ് ബാക്ക് വേർഡ് കമ്മ്യൂണിറ്റീസ് ഫെഡറേഷനിൽ നിന്നും സർക്കാരിന് ലഭിച്ചിട്ടുണ്ട്. സർക്കാർ സർവീസിലും പൊതുമേഖലാ സ്ഥാപനങ്ങളിലും സംവരണം ഏർപ്പെടുത്തുന്നത് സംബന്ധിച്ച് പഠിച്ച് റിപ്പോർട്ട് നൽകാൻ ജസ്റ്റീസ് നരേന്ദ്രൻ കമ്മിഷനെ

LIBRARY ARCHIVES Kerala Legislative Assembly

നിയോഗിച്ചിട്ടുണ്ട്. കമ്മിഷന്റെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ മാത്രമേ ഇക്കാര്യത്തിൽ തീരുമാനമെടുക്കാൻ കഴിയുകയുള്ളൂ. പിന്നോക്ക വിഭാഗങ്ങളിലെ കുട്ടികൾക്ക് പോസ്റ്റ് മെട്രിക് വിദ്യാഭ്യാസത്തിന് കേന്ദ്ര സഹായം ലഭിക്കുമെന്ന പ്രതീക്ഷയിൽ 1999-2000-ത്തിലെ ബഡ്ജറ്റിൽ 20 കോടി രൂപ ഉൾപ്പെടുത്തിയിരുന്നു. എന്നാൽ ഈ പദ്ധതിക്ക് കേന്ദ്ര സർക്കാർ അംഗീകാരവും ഫണ്ടും ഇതുവരേയും ലഭിച്ചിട്ടില്ല.

(4) പെരിന്തൽമണ്ണയിൽ ഫയർ സ്റ്റേഷൻ

ശ്രീ. നാലകത്ത് സൂപ്പി : സർ, മലപ്പുറം ജില്ലയിലെ പ്രധാനപ്പെട്ട പട്ടണമായ പെരിന്തൽമണ്ണയിൽ ഒരു ഫയർ സ്റ്റേഷൻ ഇല്ലയെന്നുള്ളകാര്യം ഈ സഭയിൽ പലപ്രാവശ്യം പറഞ്ഞിട്ടുള്ളതാണ്. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് അവിടെ ഒരു ഫയർ സ്റ്റേഷൻ ആരംഭിക്കാമെന്ന തീരുമാനമായതാണ്. ഈ അടുത്തകാലത്തായി അവിടെ അഞ്ച് തീപിടിത്തമരണങ്ങളുണ്ടായി, പത്ത്-നാൽപ്പത് ലക്ഷത്തോളം രൂപയുടെ നാശനഷ്ടമുണ്ടായി. ശ്രീ. ടി.കെ. രാമകൃഷ്ണൻ ഒരുതവണ സംഭവസ്ഥലം സന്ദർശിക്കുകയുണ്ടായി. ഇത് അവിടത്തെ ജനങ്ങളുടെ വളരെ പ്രധാനപ്പെട്ട ഒരാവശ്യമാണ്. ഇക്കൊല്ലത്തെ ബഡ്ജറ്റിൽ, പെരിന്തൽമണ്ണ ഫയർസ്റ്റേഷനുവേണ്ടി അഞ്ച് ലക്ഷം രൂപ ടോക്കൺ പ്രൊവിഷനായി ഉൾപ്പെടുത്തിയിട്ടുണ്ട്. ഇതിന്റെ അഡ്മിനിസ്ട്രേറ്റീവ് സാങ്ഷൻ കിട്ടിയിട്ടുണ്ട്. ഗവൺമെന്റിന്റെ സാങ്ഷൻ ലഭ്യമാക്കി പണി ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രി (ശ്രീ. ഇ.കെ. നായനാർ) : സ്പീക്കർ സർ, പുതിയ ഫയർ സ്റ്റേഷനുകൾ തുറക്കുന്നതിന് മുൻഗണനാ പട്ടിക തയ്യാറാക്കി ഫണ്ടിന്റെ ലഭ്യതകൂടി കണക്കിലെടുത്ത് അനുമതി നൽകിവരുകയാണ് പതിവ്. 2000-2001 വർഷത്തിൽ പുതിയ ഫയർ സ്റ്റേഷൻ തുറക്കുന്നതിനുള്ള മുൻഗണനാലിസ്റ്റിൽ പെരിന്തൽമണ്ണയും ഉൾപ്പെടുന്നുണ്ട്. പെരിന്തൽമണ്ണ വില്ലേജിൽ .40 സെന്റ് സ്ഥലം ഫയർ ഫോഴ്സിന്റെ കൈവശമുണ്ട്. ഫണ്ടിന്റെ ലഭ്യതകൂടി കണക്കിലെടുത്ത് പെരിന്തൽമണ്ണയിൽ ഫയർ സ്റ്റേഷൻ അനുവദിക്കുന്നകാര്യം പരിഗണിക്കുന്നതാണ്.

(5) കാസർഗോഡ് ജില്ലയിൽ നടന്ന കൊലപാതകങ്ങൾ

ശ്രീ. പി. രാഘവൻ : സർ, കാസർഗോഡ് ജില്ലയിൽ കഴിഞ്ഞ കുറേവർഷങ്ങളായി ഉണ്ടായിട്ടുള്ള കൊലപാതകങ്ങളോടനുബന്ധിച്ചുള്ള ഏതാനും കേസ്സുകളിൽ ഇനിയും പ്രതികളെ ഐഡന്റിഫൈ ചെയ്യാനോ അതുപോലെ മറ്റ് നടപടികളെടുക്കുവാനോ സാധിച്ചിട്ടില്ല. 1993 മുതലുള്ള നിരവധി കേസ്സുകളുണ്ട്. ഈ ഗവൺമെന്റ് അധികാരത്തിൽവന്നതിനുശേഷം ചില കേസുകളിൽ നടപടി ഉണ്ടായിട്ടുണ്ടെങ്കിലും ബാക്കി കേസ്സുകൾ നിലനിൽക്കുകയാണ്. കളങ്കരിയിലെ ഇരട്ടക്കൊലപാതകം, പള്ളിക്കര ആയിസ്സുമ്മയുടെ കൊലപാതകം, ബദിയടുക്ക കുഞ്ഞിക്കണ്ണന്റെ കൊലപാതകം, സ്വർഗ്ഗയിലെ ശ്രീകൃഷ്ണഭട്ടിന്റെ കൊലപാതകം എന്നിവ സംബന്ധിച്ച കേസ്സുകളിലെ പ്രതികളെ പിടിക്കാൻ കഴിഞ്ഞിട്ടില്ല. ബദിയടുക്കയിലെ കുഞ്ഞിക്കണ്ണൻ ഒരു ചാരായത്തൊഴിലാളിയാണ്. അദ്ദേഹത്തെ പോലീസ് സ്റ്റേഷന്റെ ഏതാനും വാര അകലെവച്ചാണ് കൊന്നത്. ആ കേസ്സിലെ പ്രതികളേയും പിടിച്ചിട്ടില്ല. അതുൾപ്പെടെ ഇനിയും ഏതാനും കേസ്സുകൾ തെളിയിക്കപ്പെടാതെ കിടക്കുകയാണ്. സ്വർഗ്ഗയിലെ ശ്രീകൃഷ്ണഭട്ടിനേയും അദ്ദേഹത്തിന്റെ ഭാര്യയേയും

LIBRARY ARCHIVES Kerala Legislative Assembly